**15 –ാം കേരള നിയമസഭ**

**14 –ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 173** **30-09-2025 - ൽ മറുപടിയ്ക്ക്**

**കുടുംബശ്രീ ട്രൈബൽ എന്റർപ്രൈസ് ആൻഡ് ഇന്നൊവേഷൻ സെന്റർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | കുടുംബശ്രീ ട്രൈബൽ എന്റർപ്രൈസ് ആന്റ് ഇന്നൊവേഷൻ സെന്റർ (കെ-ടിക്) പദ്ധതിയുടെ ഭാഗമായി എത്ര വനിതാ ഗുണഭോക്താക്കൾ സ്വയം സംരംഭകരായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | കുടുംബശ്രീ സംസ്ഥാന മിഷന്റെ നേതൃത്വത്തിൽ കേരളത്തിലെ തദ്ദേശീയരായ പട്ടികവർഗ്ഗ മേഖലയിലെ യുവതി യുവാക്കൾക്ക് ഉപജീവന വികസനം സാധ്യമാക്കി, ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പിന്തുണ ഉറപ്പാക്കുക എന്നതാണ് കുടുംബശ്രീ ട്രൈബൽ എൻററപ്രൈസസ് ആൻറ് ഇന്നവേഷൻ സെൻറർ അഥവാ കെ ടിക് വഴി ലക്ഷ്യമിടുന്നത്. സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും സ്ഥായിഭാവത്തോടെ അവ നിലനിർത്തികൊണ്ടുപോകുന്നതിന് വൈദഗ്ധ്യ പരിശീലനം ഉൾപ്പെടെയുള്ള പിന്തുണ ഉറപ്പാക്കുകയും അതുവഴി യുവതി യുവാക്കളെ സ്വയം പര്യാപ്തതയിലേക്ക് നയിക്കുകയും ആണ് പദ്ധതി പ്രധാനമായും ലക്ഷ്യമിടുന്നത്. സംരംഭകർക്ക് ആവശ്യമായ ബിസിനസ് പരിജ്ഞാനം, സമാന സ്വഭാവമുള്ളസംരംഭങ്ങളെയോ സംരംഭകരെയോ നേരിൽ കണ്ട് അനുഭവമാർജ്ജിക്കാനുള്ള അവസരം ഒരുക്കൽ, സാമ്പത്തികസഹായം ലഭ്യമാക്കൽ, വിദഗ്ധരുടെ മെന്ററിങ് പിന്തുണ ഉറപ്പാക്കൽ എന്നിവയും പദ്ധതിയുടെ സവിശേഷതകളാണ്.<br><br>കുടുംബശ്രീ ട്രൈബൽ എന്റർപ്രൈസ് ആന്റ് ഇന്നൊവേഷൻ സെന്റർ (കെ-ടിക്) പദ്ധതിയുടെ ഭാഗമായി ആകെ 201 വനിതാ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇവർക്ക് തുടർച്ചയായ പരിശീലനം നൽകിയിട്ടുണ്ട്. നിലവിൽ 201 പേരിൽ 11 പേർ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഏതൊക്കെ ജില്ലയിൽ നിന്നുള്ളവരാണ് പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത്; ഇവർക്ക് പരിശീലനം | (ബി) | കെ ടിക് പദ്ധതിയിലെ വനിതാ ഗുണഭോക്താക്കൾ നിലവിൽ എല്ലാ ജില്ലകളിലും ഉണ്ട്. |

| | | | |
|---|---|---|---|
| | നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ പരിശീലനം നൽകുവാൻ നടപടി സ്വീകരിക്കുമോ; | | ആയവരുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.<br><br>തിരുവനന്തപുരം - 31<br>കൊല്ലം - 20<br>പത്തനംതിട്ട - 13<br>കോട്ടയം - 18<br>ആലപ്പുഴ - 14<br>ഇടുക്കി – 12<br>എറണാകുളം - 16<br>തൃശൂർ - 7<br>പാലക്കാട് – 22<br>വയനാട്- 8<br>മലപ്പുറം - 12<br>കോഴിക്കോട് - 10<br>കണ്ണൂർ - 14<br>കാസർഗോഡ് - 4<br>ഗുണഭോക്താക്കൾക്ക് 3 ഘട്ടങ്ങളിലായി വിശദമായ പരിശീലനം നൽകിയിട്ടുണ്ട്. |
| (സി) | സൂക്ഷ്മ സംരഭങ്ങളുടെ പ്രവർത്തന രീതിയും വിപണനവും ഉൾപ്പെടെ മനസ്സിലാക്കുന്നതിനായി ഗുണഭോക്താക്കൾക്ക് ഫീൽഡ് സന്ദർശനം സംഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | കെ ടിക് പദ്ധതിയുടെ പ്രാഥമിക നടത്തിപ്പിൽ 3 ഘട്ടങ്ങളിലായി ഗുണഭോക്താക്കൾക്ക് ജില്ലകളിൽ വിശദമായ പരിശീലനം നൽകുന്നതിനോടൊപ്പം സൂക്ഷ്മ സംരംഭങ്ങളുടെ പ്രവർത്തന രീതിയും വിപണനവും മനസിലാക്കുന്നതിന് വേണ്ടി മാതൃ ജില്ലയിലും മറ്റ് ജില്ലകളിലുമായി മികച്ച രീതിയിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ, കുടുംബശ്രീ ഇതര സൂക്ഷ്മ സംരംഭങ്ങളുടെ ഫീൽഡ് സന്ദർശനവും സംഘടിപ്പിച്ചിട്ടുണ്ട്. കെ ടിക് പദ്ധതിയിൽ പങ്കെടുക്കുന്നവർക്കെല്ലാവർക്കും തുടർച്ചയായുള്ള പരിശീലനവും, ഫീൽഡ് സന്ദർശനവും ആവശ്യാനുസരണം നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ